श्रीचित्रातिरुनालआयुर्विज्ञानऔरप्रौद्योगिकीसंस्थान, तिरुवनन्तपुरम – 695 011, केरल, भारत

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY (SCTIMST)

THIRUVANANTHAPURAM – 695 011, KERALA, INDIA

(An Institute of National Importance under DST ; Government of India)

(भारतसरकारकेअधीनएकराष्ट्रीयमहत्वकासंस्थान)

www.sctimst.ac.in

**Press Release (3.11.2022)**

# ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ പുതിയ "രോഗി സൗഹൃദ വെബ് പോർട്ടൽ" ആരംഭിച്ചു

തിരുവനന്തപുരം: ഭാരത സർക്കാർ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്വയം ഭരണ സ്ഥാപനമായ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ പുതിയ "രോഗി സൗഹൃദ വെബ് പോർട്ടൽ" നിലവിൽ വന്നു (02.11.2022).

ആശുപത്രി സേവനങ്ങൾക്ക് സൗകര്യപ്രദവും എളുപ്പവുമായ മാർഗം പ്രാപ്തമാക്കുന്നതിന് വേണ്ടിയാണു വെബ് പോർട്ടൽ ആരംഭിച്ചത്.

കൂടാതെ ആദ്യമായി ശ്രീ ചിത്രയിൽ പരിശോധനക്കായി വരുന്ന രോഗികൾക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുവാനും, പുനഃ പരിശോധന ഉൾപ്പടെയുള്ള സേവനങ്ങൾക്കായി തീയതി എടുക്കുവാനും, ഓൺലൈൻ പേയ്മെന്റുകൾ

നടത്തുവാനും, സർട്ടിഫിക്കറ്റു കൾക്കായുള്ള അപേക്ഷകൾ നൽകുവാനും, ഡിസ്ചാർജ് സമ്മറി, പരിശോധന റിപ്പോർട്ടുകൾ, ഡോക്ടറുടെ കുറുപ്പടികൾ എന്നിവ ഡൗൺലോഡ് ചെയ്യുവാനും സഹായിക്കുന്ന ഒരു സ്വയം സേവന പ്ലാറ്റ്ഫോമായിരിക്കും ഇത്.

ടെലിഫോണിക്, വീഡിയോ കൺസൾട്ടേഷനുകളും പോർട്ടൽ വഴി ബുക്ക് ചെയ്യുവാൻ കഴിയും.

ഈ പോർട്ടലിന്റെ "മൊബൈൽ ആപ്ലിക്കേഷൻ" ഗൂഗിൾ പ്ലേ സ്റ്റോറിൽ ഒരു മാസത്തിനുള്ളിൽ ലഭ്യമാകും.

ലിങ്ക് : https://patientportal.sctimst.ac.in